| ക്ലാസ് : 3 | യൂണിറ്റ് 8 -വെളിച്ചം പകർന്നവർ | മൊഡ്യൂൾ 18. | ഖലീഫയുടെ കൊട്ടാരം |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ലളിതമായ ജീവിതവും സഹജീവി സ്നേഹവും സഹായ മനസ്ഥിതിയും നിർവ്വഹണ ശേഷിയുമാണ് മഹത്വത്തിന്റെ ലക്ഷണമെന്ന് കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. മറ്റുള്ളവർക്ക് തിരിച്ചറയാൻ പോലും കഴിയാത്ത വിധത്തിൽ സാധാരണക്കാരനിൽ സാധാരണക്കാരനായി ജീവിച്ച ഖലീഫ ഉമറിന്റെ കഥ അതിനുദാഹരണമാണ്. |
| **ആശയം** | എല്ലാ മനുഷ്യരേയും ഒന്നായി കാണാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നതിൽ മഹാന്മാർ പങ്കുവഹിച്ചിട്ടുണ്ട്. മഹത്തായ പ്രവൃത്തികൾ ചെയ്യുന്നവർ എന്നും സ്മരിക്കപ്പെടും. മഹാന്മാരെയും അവരുടെ ആശയങ്ങളേയും അറിയുന്നത് വ്യക്തിത്വ വികസനത്തിന് സഹായകമാണ്. |
| **പഠനനേട്ടം** | സംഭവങ്ങൾ, ദൃശ്യങ്ങൾ, എന്നിവ വിശകലനം ചെയ്ത് അനുയോജ്യമായ ഭാഷ, ഉച്ചാരണശുദ്ധി എന്നിവയോടെ വാചികമായി വിവരിക്കുന്നു. ലഘുവിവരണം സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. സഹപാഠികളുടെ രചനകൾ വിലയിരുത്തി ആശയം, പ്രയോഗങ്ങൾ, വിശകലനം ചെയ്ത് സ്വന്തം രചനകൾ മെച്ചപ്പെടുത്തുന്നു. രചനകളിലെ ചിഹ്നനം തിരിച്ചറിയുകയും സ്വന്തം രചനകളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. |
| **വ്യവഹാര രൂപം** | സംഭാഷണം, കുറിപ്പ്, വിവരണം, ഡയറി |
| **പ്രവർത്തനങ്ങൾ** | 1. വായനയിലേക്ക് 2. വായന 3. ഉത്തരം കണ്ടെത്താം 4. സംഭവങ്ങൾ ക്രമപ്പെടുത്തൽ 5. വിശകലന ചോദ്യങ്ങൾ 6. വിവരിക്കും. 7. സംഭാഷണമെഴുതാം 8. അനുഭവക്കുറിപ്പ് 9. എന്റെ നാട്ടിൽ 10. എഡിറ്റിംഗ് 11. പത്രവാർത്ത 12. നന്മയുടെ കഥകൾ |
| **വായനാസാമഗ്രി** | മഹാന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട കഥകൾ 3193 |
| **വർക്ക് ഷീറ്റ്** | നേർവഴിക്ക് നയിച്ചവർ - 3125 |
| **സമയം** | 5 മണിക്കൂർ |
| **ചുമർ പത്രിക** | പത്രവാർത്തകൾ, സംഭാഷണം, കുറിപ്പ്, ഡയറി |
| **സർഗ്ഗവേള** | സംഭാഷണം, അഭിനയം |
| **സി.പി.ടി.എ** | പ്രദർശനം, പ്രകടനം |

**പ്രവർത്തനങ്ങൾ: സൂക്ഷ്മപ്രക്രിയ**

**1. വായനയിലേക്ക് (10 മിനിറ്റ് )**

ടീച്ചർ ഭാവാത്മകമായി കഥ പറയുന്നു. അറേബ്യയിലെ ഭരണാധികളായിരുന്നു ഖലീഫമാർ. ഒരിക്കൽ ദൂരദേശത്തു നിന്നും ഒരു സംഘം ആളുകൾ ഖലീഫ ഉമറിനെ കാണാനായി എത്തി. അവർ ഇതിന് മുമ്പ് അദ്ദേഹത്തെ കണ്ടിട്ടില്ല. എന്നാൽ അദ്ദേഹം താമസസ്ഥലത്ത് ഉണ്ടായിരുന്നില്ല. അവർ അദ്ദേഹത്തെ തിരഞ്ഞ് പുറത്തേക്കുപോയി. ഖലീഫയെ കണ്ടതോടെ അവർ അത്ഭുതസ്തബ്ധരായി നിന്നു. എന്തായിരിക്കും അവരുടെ അത്ഭുതത്തിനും അമ്പരപ്പിനും കാരണം? വ്യക്തിഗതമായി ചിന്തിക്കുന്നു. പ്രതികരണം ടീച്ചർ ബോർഡിൽ എഴുതുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? എങ്ങനെ അറിയാം. പാഠവായനയിലേക്ക്.

**2. വായന ( 40 മിനിറ്റ് )**

വ്യക്തിഗതമായി വായിക്കുന്നു. മനസ്സിലായ കാര്യങ്ങൾ പൊതുവായി അവതരണം. ടീച്ചർ ബോർഡിൽ എഴുതുന്നു. ആദ്യം പറഞ്ഞതുമായി തട്ടിച്ചുനോക്കുന്നു. വ്യത്യാസം തിരിച്ചറിയുന്നു. ടീച്ചർ ചോദ്യമുന്നയിക്കുന്നു. എല്ലാവർക്കും ആശയം കണ്ടെത്താൻ കഴിഞ്ഞോ? കണ്ടെത്തിയവ തന്നെ പൂർണ്ണമാണോ? എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? എല്ലാവർക്കും കണ്ടെത്താൻ കഴിയേണ്ടേ? എങ്ങനെ സാധിക്കും? (വാക്കുകളുടേയും പ്രയോഗങ്ങളുടേയും അർത്ഥവും ആശയവും മനസ്സിലാക്കിയാൽ മാത്രമേ ഉള്ളടക്കം കൃത്യമാവു) എങ്കിൽ വീണ്ടും വായിച്ച് അറിയുന്നത്, അറിയാത്തത് ഇഷ്ടപ്പെട്ടത് യഥാക്രമം (✓ *x -*) ഈ ചിഹ്നങ്ങൾ ഉപയോഗിച്ച് പെൻസിൽ കൊണ്ട് അടയാളപ്പെടുത്തുന്നു. തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു. ഇഷ്ടപ്പെട്ടവ. അറിയുന്നവ,. അറിയാത്തവ നോട്ടുപുസ്തകത്തിൽ അവയുടെ അർത്ഥം എഴുതുന്നു. ഓരോ ഗ്രൂപ്പും പൊതുവായി അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. കൂട്ടിച്ചേർക്കുന്നു. ടീച്ചർ ക്ലാസിലൊരു പ്രഖ്യാപനം നടത്തുന്നു. ഇപ്പോൾ ഈ ക്ലാസിൽ എല്ലാവർക്കും ഈ പാഠത്തിലെ വാക്കുകളുടെ അർത്ഥമറിയാം, ആശയമറിയാം. കുട്ടികൾ ശരിവെക്കുന്നു. ഏതെങ്കിലും കുട്ടികൾക്ക് പ്രയാസമുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സംഘങ്ങൾ ഉണ്ടാക്കുന്നു.

**പ്രതികരണപേജിലേക്ക്**

എല്ലാവർക്കും വായിച്ച് ആശയം കണ്ടെത്താൻ കഴിഞ്ഞോ? ഇനിയും നേരിടുന്ന പ്രശ്നങ്ങൾ?

**3. ഉത്തരം കണ്ടെത്താം ( 40 മിനിറ്റ്)**

പാ.പു. 122ലെ ഉത്തരം കണ്ടെത്താം എന്ന പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ പ്രതികരിക്കുന്നു. ആവശ്യമെങ്കിൽ ഈ ഘട്ടത്തിൽ പാഠപുസ്തകം പരിശോധിക്കാം.

**പ്രതികരണപേജിലേക്ക്**

എല്ലാവരും നോട്ടുബുക്കിൽ എഴുതിയോ? ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ? ഗ്രൂപ്പു പ്രവർത്തനം മെച്ചപ്പെട്ടോ?

**4. സംഭവങ്ങൾ ക്രമപ്പെടുത്താം ( 30 മിനിറ്റ്)**

കുട്ടികൾ പാ,.പു 112 ലെ ചോദ്യം വായിക്കുന്നു. എന്തുചെയ്യണമെന്ന് കണ്ടെത്തുന്നു. വ്യക്തിഗതമായി ക്രമപ്പെടുത്തി നോട്ടുപുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ - പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ആവശ്യമെങ്കിൽ ഈ ഘട്ടത്തിൽ പാഠപുസ്തകം പരിശോധിക്കാം.

**പ്രതികരണപേജിലേക്ക്**

ഈ പ്രവർത്തനം ലക്ഷ്യം വെക്കുന്നത് എന്താണ്? എത്ര പേർക്ക് ശരിയായി ക്രമപ്പെടുത്താൻ കഴിഞ്ഞു?

**5. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ് )**

1. മരത്തണലിൽ തളർന്നു കിടന്നിരുന്ന വ്യക്തിയാണ് ഖലീഫ ഉമർ എന്ന് സംഘാംഗങ്ങൾ മനസ്സിലാക്കിയ സന്ദർഭമേത്?

2. '' കൂടെ അകമ്പടിക്കാരുമുണ്ടാകുമല്ലോ? അസ്‌ലം ചിരിച്ചുകൊണ്ട് പറഞ്ഞു '' ; അസ്‌ലമിന്റെ ചിരിയുടെ അർത്ഥം എന്തായിരുന്നു? 3. ഈ പാഠത്തിൽ നിന്നും നിങ്ങൾ ഉൾക്കൊണ്ട രണ്ടു പ്രധാന ആശയങ്ങൾ എന്തെല്ലാം? ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു. ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിച്ച് വ്യക്തത വരുത്തുന്നു. നോട്ടുബുക്കിൽ എഴുതുന്നു.

**ടീച്ചറുടെ രചന**

1. വരൂ, നമുക്ക് വീട്ടിൽ കയറി ഇത്തിരി വിശ്രമിക്കാം. എന്ന് വഴികാട്ടി പറഞ്ഞു. അസ്‌ലം അദ്ദേഹത്തെ ബഹുമാനത്തോടെ എതിരേറ്റു. സംഘാംഗങ്ങൾ ഖലീഫ ഉമറിനെ തിരിച്ചറിഞ്ഞ സന്ദർഭമിതാണ്. 2. ജനസേവനത്തിന് പോകുമ്പോൾ പരിവാരങ്ങൾ പാടില്ല എന്ന കാഴ്ചപ്പാടാണ് ഖലീഫയുടേത്. ഖലിഫ ഉമറിനെക്കുറിച്ച് ഇവർക്കൊന്നുമറിയില്ലല്ലോ എന്നോർത്താകണം അസ്‌ലം ചിരിച്ചത്. 3. ലളിത ജീവിതം നയിക്കണം. ഓരോ വ്യക്തിയുടെയും ആവശ്യമറിഞ്ഞ് പെരുമാറണം. വിനയത്തോടെ പെരുമാറണം. തുടങ്ങിയ ആശയങ്ങളാണ് ഈ പാഠത്തിൽ നിന്നും ഉൾക്കൊള്ളാൻ കഴിയുന്നത്.

**പ്രതികരണപേജിലേക്ക്**

എത്ര ശതമാനം കുട്ടികൾക്ക് സ്വന്തമായി എഴുതാൻ കഴിഞ്ഞു? ഗ്രൂപ്പു പ്രവർത്തനത്തിൽ എന്തു പുരോഗതിയാണ് കാണാൻ കഴിയുന്നത്? കുട്ടികളിലെ പുരോഗതി എത്രമാത്രം?

**6. വിവരിക്കാം 50 മിനിറ്റ്**

പാ.പു 112 ലെ വിവരിക്കാം എന്ന ചോദ്യം വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ പറയുന്നു. പൊതുചർച്ചക്ക് ശേഷം വ്യക്തിഗത രചന (10 മിനിറ്റ് ) തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തി എഴുതൽ (15 മിനിറ്റ് ) പൊതു അവതരണം - ചർച്ച 10 മിനിറ്റ് ടീച്ചറുടെ അവതരണം - ചർച്ച - മെച്ചപ്പെടുത്തി എഴുതൽ (15 മിനിറ്റ് )

**പ്രതികരണ പേജിലേക്ക്**


വിവരണം എഴുതുന്നതിൽ കുട്ടികൾ മെച്ചപ്പെട്ടിട്ടുണ്ടോ? ഇനിയും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം.?

**7. സംഭാഷണമെഴുതാം (40 മിനിറ്റ്)**

പേജ് 112ലെ ചോദ്യം വായിച്ച് ആശയം ചർച്ച ചെയ്യുന്നു. എന്തെല്ലാമായിരിക്കും അവർ സംസാരിച്ചിട്ടുണ്ടാവുക. പൊതുചർച്ച. കുട്ടികൾ പ്രതികരിക്കുന്നു. വ്യക്തിഗതമായി സംഭാഷണമെഴുതുന്നു. അതിന് മുമ്പായി മികച്ച സംഭാഷണത്തിന്റെ സൂചകങ്ങൾ ഓർമ്മിച്ചെടുക്കുന്നു. (മുൻ പാഠങ്ങളിൽ സംഭാഷണം എഴുതിയിട്ടുണ്ട്.) ആശയ വ്യക്തത, തുടർച്ച, സ്വാഭാവികമായ പ്രതികരണങ്ങൾ) 10 മിനിറ്റ് - തുടർന്ന് 3 അംഗ ഗ്രൂപ്പിൽ അവതരണം ചർച്ച - പൊതുഅവതരണം - മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറുടെ അവതരണം -താരതമ്യം ചെയ്യൽ - എഡിറ്റിംഗ് മെച്ചപ്പെടുത്തൽ.

**പ്രതികരണ പേജിലേക്ക് :** സംഭാഷണമെഴുതുന്നതിൽ വന്ന പുരോഗതി? തിരിച്ചറിവുകൾ ?

**8. അനുഭവക്കുറിപ്പ് (40 മിനിറ്റ് )**



പാ.പു. പേജ് 123 ലെ പ്രവർത്തനം വായിക്കുന്നു. എന്തു ചെയ്യണം. കുട്ടികൾ പറയുന്നു. ചർച്ച. അനുഭവക്കുറിപ്പ് എഴുതുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം. പ്രധാന ആശയങ്ങൾ എന്തൊക്കെ ഉൾപ്പെടുത്തണം - ചർച്ച. വ്യക്തിഗതമായി എഴുതുന്നു. രണ്ടു മൂന്നുപേർ വായിക്കുന്നു. മികച്ചത് ഏത്? എന്തുകൊണ്ട്? സൂചകം വികസിപ്പിക്കുന്നു. ആശയവുമായുള്ള പൊരുത്തം, സ്വാനുഭവത്തിലൂന്നിയ രചന, സ്വന്തം തിരിച്ചറിവുകൾ എന്നിവ വിലയിരുത്തുപ്പെടണം. വ്യക്തിഗത രചന വിലയിരുത്തുന്നു. തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ വായിച്ചവതരണം, പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. മികച്ചവ കണ്ടെത്തി പൊതു അവതരണം - മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ചർച്ച - മെച്ചപ്പെടുത്തി എഴുതുന്നു. ടീച്ചറുടെ അവതരണം (3193) സ്വന്തം ഗ്രൂപ്പിന്റെ രചനയുമായി താര

തമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റ് ചെയ്യുന്നു.

**പ്രതികരണ പേജിലേക്ക്**

രചനയിൽ എന്തെല്ലാം മാറ്റങ്ങൾ കാണാൻ കഴിഞ്ഞു (ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാര രൂപം)

**9. എന്റെ നാട്ടിൽ (40 മിനിറ്റ് + ഗൃഹപാഠം)**

വർക്ക് ഷീറ്റ് 3125 നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. പാ.പു. 124 ലെ പ്രവർത്തനം വായിക്കുന്നു. എന്താണ് ചെയ്യേണ്ടത് എന്ന് കുട്ടികൾ പറയുന്നു.പിന്നാക്കക്കാർക്ക് ആദ്യ അവസരം. മനുഷ്യനന്മക്കായി പ്രവർത്തിച്ച നാട്ടുകാർ നിങ്ങളുടെ നാട്ടിലുമുണ്ടല്ലോ. അവർ ആരൊക്കെയാണ്? അവരെക്കുറിച്ച് നിങ്ങൾക്കെന്തറിയാം? ചർച്ച. അവരുടെ ജീവിതത്തിലെ ഒരു സംഭവം എഴുതണം. (ആവശ്യമെങ്കിൽ വീട്ടുകാരോടുമായി ചർച്ചചെയ്യാം)



അടുത്ത ദിവസം ക്ലാസിൽ മൂന്നംഗ ഗ്രൂപ്പിൽ അവതരണം ചർച്ച മെച്ചപ്പെടുത്തൽ- പൊതുഅവതരണം - ചർച്ച ടീച്ചർവേർഷൻ അവതരണം - താരതമ്യം ചെയ്യൽ. മെച്ചപ്പെടുത്തൽ

**10. എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിങ്ങിനായി തെരഞ്ഞെടുക്കുന്നു. വിശകലന ചോദ്യങ്ങളിലൂടെ ആശയം. വാക്യഘടന, പദം അക്ഷരം, വ്യവഹാരരൂപം എന്നീ തലങ്ങളിൽ എഡിറ്റ് ചെയ്യുന്നു. തുടർന്ന് സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**11. വാർത്തകൾ ശേഖരിക്കാം (ഗൃഹപാഠം)**

നാടിന്റെ നന്മക്ക് വേണ്ടി നിങ്ങളുടെ പ്രദേശത്ത് നടന്ന നല്ല പ്രവർത്തനങ്ങളുടെ വാർത്തകൾ പത്രങ്ങളിൽ നിന്ന് ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു.

**12. കഥകൾ ശേഖരിക്കാം**

നന്മയുടെ സന്ദേശം നൽകുന്ന കഥകൾ ശേഖരിക്കാൻ ആവശ്യപ്പെടുന്നു. ഓരോരുത്തരും ഓരോ കഥ ശേഖരിക്കണം. എന്നാൽ അവ വ്യത്യസ്തങ്ങളാകാൻ ശ്രമിക്കണം. എങ്ങനെ ശേഖരിക്കും - ചർച്ച. കഥാ പുസ്തകങ്ങൾ, രക്ഷിതാക്കൾ പറഞ്ഞു തന്നത്, മുൻകാല പാഠപുസ്തകങ്ങൾ, മാസികകൾ (യുറീക്ക, വിദ്യാരംഗം, പത്രങ്ങളിലെ വിദ്യാഭ്യാസ പതിപ്പുകൾ )

**13. പതിപ്പു തയ്യാറാക്കാം (ഗൃഹപാഠം)**

പതിപ്പു തയ്യാറാക്കുമ്പോൾ : എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കണം, കഥകൾക്കനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കണം, വൃത്തിയായി എഴുതണം, അക്ഷരത്തെറ്റില്ല എന്നുറപ്പാക്കണം. മികച്ച രചനകളായിരിക്കണം. ആകർഷകമായ പുറംചട്ട, ആമുഖക്കുറിപ്പ്, ഉള്ളടക്ക സൂചന - അവതാരിക എന്നിവ വേണം. അവസാനത്തിൽ അഭിപ്രായമെഴുതാനുള്ള മൂന്നുനാലു പേജ് ഉണ്ടായിരിക്കണം.

**പ്രതികരണ പേജിലേക്ക്**

ഈ പാഠത്തിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് എങ്ങനെ അനുഭവപ്പെട്ടു? അവരുടെ ഏതെല്ലാം ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സഹായകമായി. മുൻക്ലാസിലേക്കാൾ മെച്ചപ്പെട്ടവരാരൊക്കെ? സ്വന്തം തിരിച്ചറിവുകൾ എന്തെല്ലാം?

| ക്ലാസ് : 3 | യൂണിറ്റ് 8 -വെളിച്ചം പകർന്നവർ | മൊഡ്യൂൾ 18. | ഖലീഫയുടെ കൊട്ടാരം |
|---|---|---|---|

# നേർവഴിക്ക് നയിച്ചവർ

ലോകത്തെ നേർവഴിക്ക് നയിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച ചില മഹത് വ്യക്തികളെക്കുറിച്ച് നാം പഠിച്ചുവല്ലോ. അവർ ആരെല്ലാം? ലോകം മുന്നോട്ടു നയിക്കുന്നതിൽ അവരുടെ സംഭാവ നകളെക്കുറിച്ച് ഒരു കുറിപ്പെഴുതൂ.

## ആദരവോടെ...

ഞങ്ങൾ ഖലീഫയെ കാണാൻ പുറപ്പെട്ടു. അദ്ദേഹം വീട്ടിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സഹായി അസ്‌ലം, ഖലീഫ ജനസേവനത്തിന് പോയതാണെന്ന് പറഞ്ഞു. ഞങ്ങളെ അത്ഭുതപ്പെടുത്തിയ കാര്യം അദ്ദേഹം ഒറ്റക്കാണ് ജനസേവനത്തിന് പോകുക എന്നതാണ്. ഒരു രാജ്യത്തിന്റെ ഭരണാധികാരി ഏകനായി പോകുക എന്നത് ഇന്ന് ആലോചിക്കാൻ കൂടി കഴിയില്ല. ഞങ്ങൾ അദ്ദേഹത്തെ അന്വേഷിച്ച് പുറത്തിറങ്ങി. കുറേ ദൂരം നടന്നപ്പോൾ മരച്ചുവട്ടിൽ തളർന്നു കിടക്കുന്ന ഒരാളെ കണ്ടു. അദ്ദേഹമാണ് ഞങ്ങളന്വേഷിക്കുന്ന ഖലീഫ ഉമറെന്ന് പിന്നീടാണ് മനസ്സിലായത്. അദ്ദേഹത്തിന്റെ ലാളിത്യവും പ്രയാസമനുഭവിക്കുന്ന വരെ സഹായിക്കാനുമുള്ള താല്പര്യവും ഞങ്ങളെ അത്ഭുതപ്പെടുത്തി. വൃദ്ധനും സഹായികളാരും ഇല്ലാത്തവനുമായ ഒരാളുടെ പരന്നു കിടക്കുന്ന തോട്ടം നനയ്ക്കുക എന്ന ജോലി സന്തോഷപൂർവ്വം ഏറ്റെടുക്കുന്ന ഖലീഫ ഉമറിനെ മനസ്സുകൊണ്ട് നമിച്ചു. അദ്ദേഹത്തെ കാണാൻ കഴിഞ്ഞത് പരമഭാഗ്യമായി ഞങ്ങൾ കരുതുന്നു.